# മലബാർ ദുർബലനായ പങ്കാളി

എൻ. വി. കൃഷ്ണവാരിയർ

കേരള സംസ്ഥാന രൂപവൽക്കരണംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരുന്ന ലക്ഷ്യങ്ങളിൽ പലതും മുപ്പത്തിരണ്ട് വർഷങ്ങൾക്കുശേഷവും നിറവേറിയിട്ടില്ല. ഭരണം, വിദ്യാഭ്യാസം എന്നീ മണ്ഡലങ്ങളിൽ മലയാളഭാഷ സമഗ്രമായി ഉപയോഗപ്പെടുത്തുകവഴി ജനാധിപത്യ ജീവിതരീതിയുടെയും വിജ്ഞാനത്തിന്റെയും ത്വരിത വികസനത്തിനു കളമൊരുക്കുക എന്ന ലക്ഷ്യം, നിറവേറ്റപ്പെടാത്ത ഈ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ, ആദ്യമായി എടുത്തു പറയേണ്ടതാണ്.

കേരള സംസ്ഥാനം രൂപംകൊള്ളുന്നതിനു മുമ്പ്, തിരുവിതാംകൂർ–കൊച്ചി ഭാഗങ്ങളെ അപേക്ഷിച്ച് മലബാർ പ്രദേശം, ചരിത്രപരങ്ങളായ കാരണങ്ങളാൽ, ചില കാര്യങ്ങളിൽ മുന്നിലായിരുന്നെങ്കിൽ പല കാര്യങ്ങളിലും പുറകിലായിരുന്നു. വ്യവസായം, ബാങ്കിംഗ് മുതലായവ മലബാറിൽ ഒട്ടും വികസിച്ചിരുന്നില്ല. എന്നാൽ, ജാതി–മത–നിരപേക്ഷമായ രാഷ്ട്രീയബോധം മലബാർ പ്രദേശത്ത് കൂടുതലുണ്ടായിരുന്നു.

സാമ്പത്തിക–സേവന രംഗങ്ങളിൽ കൊച്ചി–തിരുവിതാംകൂർ പ്രദേശങ്ങളോടൊപ്പമെത്താൻ മലബാർ പ്രദേശത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. റോഡുകളുടെ കാര്യമെടുക്കുക, കൊച്ചി പ്രദേശത്തുള്ള പഞ്ചായത്ത് റോഡുകളുടെ നിലവാരം മലബാർ പ്രദേശത്തെ ഗ്രാമങ്ങളിലെ (നഗരങ്ങളിലെയും) ഇടവഴികൾക്ക് കൈവരണമെങ്കിൽ എത്രയോ കോടി രൂപയുടെ നിക്ഷേപവും, എത്രയോ വർഷങ്ങളിലെ അധ്വാനവും ആവശ്യമായിവരും.

പ്രബലനായ പങ്കാളിക്ക് ദുർബലനായ പങ്കാളി പലപ്പോഴും വഴങ്ങിക്കൊടുക്കേണ്ടിവരുമല്ലോ. തിരുവിതാംകൂർ–കൊച്ചി പ്രദേശത്തുനിന്ന് അനഭിലഷണീയങ്ങളായ പല പ്രവണതകളും, നോക്കി നോക്കിയിരിക്കെ മലബാർ പ്രദേശത്തേയ്ക്കു വ്യാപിച്ചിട്ടുണ്ട്. ഉദ്യോഗനിയമനത്തിലും, കാര്യങ്ങൾ നടത്തിക്കിട്ടുന്നതിലും ഇത്ര വ്യാപകമായ തോതിൽ കോഴ മലബാർ പ്രദേശത്ത് മുമ്പ് ഉണ്ടായിരുന്നില്ല. മലബാർ പ്രദേശത്തിലെ രാഷ്ട്രീയ–സാമൂഹ്യ–മണ്ഡലങ്ങളിൽ ഇത്രയും വ്യാപകമായ തോതിൽ ജാതി–മത പരിഗണനകൾ കടന്നുകൂടിയതും കേരള സംസ്ഥാന രൂപവൽക്കരണത്തിനുശേഷമാണ്.

കൊച്ചി–തിരുവിതാംകൂർ പ്രദേശത്തിലെ കടുത്ത യാഥാർഥ്യബോധമുള്ള രാഷ്ട്രീയ നേതാക്കളെ അപേക്ഷിച്ച് മലബാർ പ്രദേശത്തിലെ രാഷ്ട്രീയ നേതാക്കൾ കൂടുതൽ സ്വപ്നജീവികളാണ്. മുസ്‌ലിം ലീഗ് അടക്കം എല്ലാ പാർട്ടികളേയും ഓർത്തുകൊണ്ടാണ് ഇതു പറയുന്നത്. തൽക്കാലത്തെ ആദരം, പ്രശസ്തി, പുകഴ്ത്തൽ, ആഡംബരം മുതലായവകൊണ്ട് ഈ രാഷ്ട്രീയ നേതാക്കൾ തൃപ്തിയടയുന്നു. തങ്ങളിൽ നിക്ഷിപ്തമായ അധികാരം, പിറന്ന പ്രദേശത്തിന്റെയോ തങ്ങളെ തെരഞ്ഞെടുത്തു നിയമസഭയിലേക്ക് അയച്ച ജനങ്ങളുടേയോ സ്ഥിര–സാമ്പത്തിക–ഉന്നമനത്തിനുവേണ്ടി വിവേകപൂർവം, ക്ഷമാപൂർവം നിരന്തരം ഉപയോഗപ്പെടുത്തുന്നതിൽ ഇവർ പരാജയപ്പെട്ടിട്ടേയുള്ളൂ. ഇതു സമർഥിക്കാൻ ഇ. എം. എസിനേയും കരുണാകരനേയും നായനാരേയും ഒരുപോലെ ചൂണ്ടിക്കാണിക്കാവുന്നതാണ്. (ഇതിന് ഒരു വ്യത്യസ്തത സി.എച്ച്. മുഹമ്മദ് കോയ മാത്രമാകുന്നു). പട്ടം, പനമ്പിള്ളി, അച്യുതമേനോൻ തുടങ്ങി ഒട്ടേറെ പ്രത്യുദാഹരണങ്ങൾ മറുവശത്ത് നിരത്താനുമുണ്ട്.